**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം , വികാസ്ഭവൻ , തിരുവനന്തപുരം**

(ഹാജർ : ഡോ. രത്തൻ. യു. കേൽക്കർ ഐ.എ.എസ്)

വിഷയം :- കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്- ജീവനക്കാര്യം - കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്(സെലക്ഷൻ ഗ്രേഡ്, സീനിയർ ഗ്രേഡ്, ഗ്രേഡ് I) അനുപാത സ്ഥാനക്കയറ്റം അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം :- 1) ജി.ഒ.(പി) 85/2011 ഫിൻ തീയതി: 26.02.2011

2) ഈ കാര്യാലയത്തിലെ27.09.2018 ലെ ഇതേ നമ്പർ ഉത്തരവ്.

**ഉത്തരവ് നം.എസ് എ (3) 17659/2015 തീയതി: 02.10..2019**

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ ആസ്ഥാന കാര്യാലയത്തിൽ സെലക്ഷൻ ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ പി. അശോകൻ, ശ്രീമതി. ജെ. എം. പുഷ്പകുമാരി എന്നിവർ 31.05.2019 ന് സേവനത്തിൽ നിന്നും വിരമിച്ചതിനെ തുടർന്ന് 01.06.2019 മുതൽ ടി തസ്തികയിൽ 2 ഒഴിവുകൾ നിലവിൽ വന്നിട്ടുണ്ട്. പ്രസ്തുത ഒഴിവുകളിലേയ്ക്ക് വകുപ്പിലെ സീനിയർ ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരിൽ ഏറ്റവും സീനി യറായ ശ്രീമതി ആർ. ബീന(പ്രിൻസിപ്പൽ കൃഷി ഓഫീസ്, കോഴിക്കോട്) ശ്രീമതി സിന്ധു. പി.എസ് (RATC, വൈറ്റില, എറണാകുളം) എന്നിവരെ 39500-83000 രൂപ ശമ്പള സ്കെയിലിൽ സെലക്ഷൻ ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ആയി 01.06.2019 മുതൽ സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു.

മേൽ വിവരിച്ച ഉദ്യോഗകയറ്റത്തിന് ആനുപാതികമായി സീനിയർ ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകളിലേക്ക് സീനിയോറിറ്റി ക്രമത്തിൽ ഗ്രേഡ് I കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് മാരായ ശ്രീമതി സലീന. എ ( BMFC കഴക്കൂട്ടം ), ശ്രീമതി അഷിത. എസ്. പി (പ്രിൻസിപ്പൽ കൃഷി ഓഫീസ്, എറണാകുളം ) എന്നിവർക്ക് 30700-65400 രൂപ ശമ്പള സ്കെയിലിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് സീനിയർ ഗ്രേഡ് ആയി 01.06.2019 മുതൽ സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു.

കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് - I തസ്തികയിലെ ഒഴിവിലേക്ക് സ്ഥാനക്കയറ്റം നൽകി പ്രത്യേകം ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

20.12.2010 ലെ GO(P)42/2010/P&ARD ഉത്തരവ് പ്രകാരം സെലക്ഷൻ ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റായി സ്ഥാനക്കയറ്റം ലഭിച്ച ഓഫീസർ പ്രസ്തുത തസ്തികയിൽ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ തുടർച്ചയായ ഒരു വർഷത്തിനുള്ളിൽ 6 മാസത്തെ പരിവീക്ഷാക്കാലം പൂർത്തീകരിച്ചിരിക്കേണ്ടതാണ്.

മേൽ ഉത്തരവു പ്രകാരം സ്ഥാനക്കയറ്റം ലഭിച്ച കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാർക്ക് നിലവിൽ സേവനമനുഷ്ഠിക്കുന്ന കാര്യാലയങ്ങളിൽ തുടരാവുന്നതാണ്.

ബന്ധപ്പെട്ട ജീവനക്കാരുടെ സേവനപുസ്തകത്തിൽ സ്ഥാനക്കയറ്റം സംബന്ധിച്ച ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതാണ്.

ഒപ്പ്/-

**ഡയറക്ടർ**
**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്**

ബന്ധപ്പെട്ട ജീവനക്കാർക്ക് (നിയന്ത്രണ ഉദ്യോഗസ്ഥർ മുഖേന)

പകർപ്പ് :-

1) എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും
2) കൃഷി അസിസ്റ്റന്റ് ഡയറക്ടർ, BMFC കഴക്കൂട്ടം
3) ടെക്നിക്കൽ അസിസ്റ്റന്റ്, RATTC, വൈറ്റില
4) ഐ.റ്റി സെൽ (ഹെഡ്ക്വാർട്ടേഴ്സ്)
5) സ്റ്റോക്ക് ഫയൽ / അധികം.

H.V23.9.19